**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കൂത്തുപറമ്പ് നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3205/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.12.2018

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.04.2014 തീയതിയിലെ ഇ 13(എസ്.സി 52/13/കെഎൻആർ) 27601/2013 നം. കത്ത്

2. സർക്കാരിന്റെ 01.01.2015 തീയതിയിലെ 58526/ഇയു2/14/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 01.06.2018 തീയതിയിലെ വി2-1249/15 നമ്പർ കത്ത്.

## ഉത്തരവ്

കൂത്തുപറമ്പ് നഗരസഭയിൽ 09.09.2013 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ അരോപിച്ച് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ നഗരസഭയിലെ 13 ജീവനക്കാർക്ക് കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. കൂത്തുപറമ്പ് നഗരസഭയിൽ പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. രജീഷ്, ശ്രീ.വി സതീശൻ, ശ്രീ. രാജീവൻ കെ., ശ്രീ.ടി.പി.സുഭാഷ്, സീനിയർ ക്ലാർക്ക് ശ്രീ.ജയരാജൻ കൊമ്മേരി, ഹെഡ് ഇൻസ്പെക്ടർ ശ്രീ. വിജയൻ, എന്നിവർക്ക് വിജിലൻസ് പരിശോധന ദിവസം അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിനാണ് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത് .

3. ശ്രീ.രാജീവന്റെ സഹോദരൻ മാനസിക രോഗത്തിന് സ്ഥിരമായി മരുന്ന് കഴിക്കുന്ന വ്യക്തിയാണെന്നും അന്നേദിവസം രാവിലെ സഹോദരനെ ഡോക്ടറെ കാണിച്ച് വീട്ടിൽ കൊണ്ടുവന്നു വിട്ടതിനുശേഷമാണ് ഓഫീസിലെത്തിയതെന്നും അക്കാര്യം

സൂപ്രണ്ടിനെ വിളിച്ചറിയിച്ചിരുന്നുവെന്നും ശ്രീ. രാജീവൻ. കെ. മറുപടി നൽകിയിരുന്നു .

4. ശ്രീ.സുഭാഷ്.ടി.പി., വാർദ്ധക്യ സഹജമായ അസുഖമുള്ള ടിയാന്റെ അമ്മയെ അന്നേ ദിവസം ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നതായും പ്രസ്തുത വിവരം നഗരസഭാ ഓഫീസിലെ ലാന്റ് ഫോണിൽ വിളിച്ച് അറിയിച്ചിരുന്നതായും 11 മണിയോടെ ഓഫീസിൽ ഹാജരായതായും മറുപടി നൽകിയിരുന്നു. .

5. ശ്രീ. സതീശൻ വി. യുടെ വിവാഹം 11.09.2013 തീയതിയിൽ ആയിരുന്നതിനാൽ ടിയാൻ 09.09.2013 മുതൽ 13.09.2013 വരെ കാഷ്വൽ ലീവിന് അപേക്ഷിച്ചിരുന്നതായും ആയതിനാലാണ് ഓഫീസിൽ ഹാജരാകാതിരുന്നതെന്നും മറുപടി നൽകിയിരിക്കുന്നു .

6. ശ്രീ.ജയരാജൻ കൊമ്മേരിയുടെ മറുപടിയിൽ സുഖമില്ലാതിരുന്നതിനാൽ അന്നേ ദിവസം ഓഫീസിൽ വന്നു കാഷ്വൽ ലീവിനുള്ള അപേക്ഷ ഹെഡ്ക്ലാർക്കിനു കൈമാറിയ ശേഷം തിരിച്ചു പോകുകയാണുണ്ടായതെന്നും പ്രസ്തുത ലീവ് അറ്റൻഡൻസ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും പറഞ്ഞിരിക്കുന്നു .

7. ശ്രീ.രജീഷ്.കെ. 07.09.2013 മുതൽ 14.09.2013 വരെ നൈറ്റ് വാച്ച്മാൻ ഡ്യൂട്ടിയിലായിരുന്നതിനാലാണ് പകൽ സമയം ഓഫീസിൽ ഹാജരാകാതിരുന്നതെന്ന് മറുപടി നൽകിയിരുന്നു .

8. 31.05.2013 വരെ മുനിസിപ്പൽ കോമൺ സർവ്വീസിലായിരുന്ന ശ്രീ.കെ. വിജയൻ കണ്ണൂർ നഗരസഭയിലും തളിപ്പറമ്പ് നഗരസഭയിലുമായി സേവനമനുഷ്ഠിച്ചു വരുകയായിരുന്നുവെന്നും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് നിലവിൽ വന്നതിനു ശേഷം 01.06.2013 തീയതിയിൽ ടിയാൻ കണ്ണൂർ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിനു കീഴിൽ സേവനത്തിൽ പ്രവേശിച്ചിരുന്നുവെന്നും മറുപടി നൽകിയിരുന്നു .

9. വിജിലൻസ് പരിശോധന നടന്ന 09.09.2013 തീയതിയിൽ അനധികൃതമായി ഓഫീസിൽ ഹാജരായില്ല എന്നും സേവനാവകാശ നിയമം ലംഘിച്ച് ജനന സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിന്മേൽ യഥാസമയം തീരുമാനമെടുത്തില്ല എന്നതുമാണ് ശ്രീമതി.കെ.ദേവി, ഹെൽത്ത് ഇൻസ്പെക്ടർ & രജിസ്ട്രാർ-ക്കെതിരായുള്ള ആരോപണം. നഗരസഭയിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ സെപ്റ്റംബർ മാസത്തിന് മുൻപുതന്നെ 20 കാഷ്വൽ ലീവ് രേഖപ്പെടുത്തിയിട്ടുള്ളതായും ജനന സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സേവനാവകാശ നിയമം അനുശാസിക്കുന്ന കാലാവധിയിൽ തീർപ്പാക്കിയിരുന്നില്ലെങ്കിലും പിന്നീട് നടപടികൾ സ്വീകരിച്ചിട്ടുള്ളതായും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു . ടിയാളുടെ കാഷ്വൽ ലീവ് സംബന്ധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതാണെന്നും അപേക്ഷകളിലെ കാലതാമസം ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകാവുന്നതാണെന്നും റീജയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു .

10. സേവനാവകാശ നിയമം ലംഘിച്ച് ഡി & ഒ ലൈസൻസ് അപേക്ഷകളിന്മേൽ കാലതാമസം വരുത്തിയിട്ടുള്ളതിനാലാണ് എൽ.ഡി ക്ലാർക്കായ ശ്രീമതി.ദീപാ ദിവെ-യ്ക്ക് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത്. ഡി & ഒ ലൈസൻസ് അപേക്ഷകളുടെ കാര്യത്തിൽ ലൈസൻസ് ഫീസ് അടവാക്കിയിട്ടുള്ളതാണെങ്കിലും ലൈസൻസ് നിശ്ചിത മാതൃകയിൽ നൽകിയിട്ടില്ലാത്തതാണ്. ശ്രീമതി. ദീപാ ദിവെ യുടെ വിശദീകരണത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നത്പോലെ ബന്ധപ്പെട്ട വാർഡ് ചുമതലയുള്ള രണ്ട് ജൂനിയർ ഹെൽത്ത് ഇൻപെക്ടർമാരാണ് നടപടി സ്വീകരിച്ചിരുന്നത് എന്നതിനാലും അപേക്ഷകളിന്മേൽ പിന്നീട് നടപടി സ്വീകരിച്ചിട്ടുള്ളതിനാലും ബന്ധപ്പെട്ട മാതൃകയിൽ ലൈസൻസ് നൽകണമെന്ന് നേരിൽ നിർദ്ദേശം നൽകിയ സ്ഥിതിക്ക് ടിയാളുടെ മറുപടി പരിഗണിച്ചും തുടർ നടപടി ഒഴിവാക്കാവുന്നതാണെന്ന് ആർ.ജെ. ഡി. അഭിപ്രായപ്പെട്ടിരുന്നു .

11. കെട്ടിട നിർമ്മാണ അപേക്ഷകൾ സേവനാവകാശ നിയമം അനുശാസിക്കുന്ന കാലയളവിൽ തീർപ്പാക്കിയിരുന്നില്ല എന്ന ശ്രീ.രവീന്ദ്രൻ,ക്ലാർക്കിനെതിരായ പരാമർശത്തിൽ കഴമ്പുള്ളതാണെങ്കിലും ആയതിന്മേൽ പിന്നീട് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നതിനാൽ കൂടുതൽ ജാഗ്രത പാലിക്കണമെന്ന നിർദ്ദേശം നൽകിക്കൊണ്ട് തുടർനടപടി അവസാനിപ്പിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു

12. സേവനാവകാശ നിയമം ലംഘിച്ച് തൊഴിൽനികുതിയിന്മേലുള്ള അപ്പീൽ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് കാലതാമസം വന്നതിനാലാണ് ശ്രീ . പുരുഷോത്തമൻ , എൽ . ഡി . ക്ലാർക്കിന് കുറ്റാരോപണ മെമ്മോ നൽകിയിരുന്നത്. തൊഴിൽ നികുതി അപേക്ഷകൾ സംബന്ധിച്ച രേഖകൾ പരിശോധനാ സമയം ലഭ്യമാക്കിയിരുന്നില്ലായെന്നും അപേക്ഷകൾ സേവനാവകാശം നിയമം അനുശാസിക്കുന്ന സമയപരിധിക്കകം തീർപ്പാക്കിയിട്ടില്ലായെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നിരുന്നാലും പിന്നീട് നടപടികൾ സ്വീകരിച്ചിട്ടുള്ളതായും ടിയാന്റെ വിശദീകരണം പരിഗണിച്ച് തുടർനടപടി ഒഴിവാക്കാവുന്നതും മേലിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകാവുന്നതുമാണെന്ന് ആർ.ജെ.ഡി. അഭിപ്രായപ്പെട്ടിരുന്നു.

13. സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷകളിന്മേൽ സേവനാവകാശ നിയമം അനുശാസിക്കുന്ന കാലയളവിൽ തീരുമാനമെടുത്തില്ലായെന്ന ക്ലാർക്കായ ശ്രീമതി.രമ്യയ്ക്കെതിരായ പരാമർശം വസ്തുതാപരമാണെങ്കിലും ടിയാളുടെ വിശദീകരണം പരിഗണിച്ചും അപേക്ഷയിന്മേൽ പിന്നീട് നടപടികൾ സ്വീകരിച്ച സാഹചര്യത്തിലും ടിയാൾക്കെതിരെയുള്ള നടപടികൾ ഒഴിവാക്കാവുന്നതാണെന്ന് ആർ.ജെ.ഡി. റിപ്പോർട്ട് ചെയ്തിരിക്കുന്നു .

14. കൂലി,ശമ്പളം,പെൻഷൻ എന്നിവയ്ക്കുള്ള 1,92,489/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാനൂറ്റി എൺപത്തിയൊമ്പത് രൂപ മാത്രം ) വിതരണം ചെയ്യാത്തത്

സംബന്ധിച്ച് സൂപ്രണ്ട് ചന്ദ്രഭാനു, ,ക്ലാർക്ക് ശ്രീ.വൽസരാജൻ എന്നീ ജീവനക്കാർ നൽകിയ വിശദീകരണത്തിൽ ബന്ധപ്പെട്ട ജീവനക്കാർ യഥാസമയം തുക കൈപ്പറ്റാതിരുന്നതിനാലാണെന്നും 13.09.2015 നകം തന്നെ ഏറിയ തുകയും ബന്ധപ്പെട്ട ജീവനക്കാർ കൈപ്പറ്റിയിട്ടുള്ളതിനാലും മന:പൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ലെന്ന വാദം അംഗീകരിച്ച് തുടർ നടപടി ഒഴിവാക്കാവുന്നതാണെന്ന് ആർ.ജെ.ഡി. അറിയിച്ചിരുന്നു .

15. ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും കുറ്റാരോപണ മെമ്മോയ്ക്ക് ജീവനക്കാർ സമർപ്പിച്ച മറുപടിയുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ഓഫീസ് അറ്റൻഡന്റുമാരായ ശ്രീ.രാജീവൻ,ശ്രീ.വി.സതീശൻ, ശ്രീ.സുഭാഷ്. ടി.പി.,ശ്രീ.വി സതീശൻ, ശ്രീ.കെ.രജീഷ്.സീനിയർ ക്ലാർക്ക് ശ്രീ.ജയരാജൻ കൊമ്മേരി, ഹെഡ് ഇൻസ്പെക്ടർ ശ്രീ.വിജയൻ,എന്നീ ജീവനക്കാർ 09.09.2013 തീയതിയിൽ ഓഫീസിൽ ഹാജരാകാതിരുന്നതിന് നൽകിയ വിശദീകരണം അംഗീകരിക്കത്തക്കതാണെന്ന് കാണുന്നു. കൂലി,ശമ്പളം,പെൻഷൻ എന്നിവയുള്ള 1,92,489/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാനൂറ്റി എൺപത്തി യൊമ്പത് രൂപ മാത്രം) വിതരണം ചെയ്യാത്തത് സംബന്ധിച്ച് ശ്രീ.ചന്ദ്രഭാനു,സൂപ്രണ്ട്, ശ്രീ.വൽസരാജൻ,ക്ലാർക്ക് എന്നിവർ സമർപ്പിച്ച മറുപടിയും അംഗീകരിക്കത്തക്കതായി കാണാവുന്നതാണ്. തനിക്കെതിരെ ഉന്നയിച്ച ആരോപണത്തിൽ ബന്ധപ്പെട്ട ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരാണ് നടപടി സ്വീകരിക്കേണ്ടിയിരുന്നതെന്ന ശ്രീമതി. ദീപാ ദിവെയുടെ (എൽ.ഡി.ക്ലാർക്ക്) മറുപടിയും പരിഗണിക്കാവുന്നതാണ്.ശ്രീമതി.കെ. ദേവി സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതുമാണ് എന്നാൽ സേവനാവകാശ നിയമം അനുശാസിക്കുന്ന കാലയളവിൽ തീരുമാനമെടുത്തില്ല എന്ന ആരോപണത്തിന്മേൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രവീന്ദ്രൻ, ശ്രീ.പുരുഷോത്തമൻ, ശ്രീമതി.രമ്യ എന്നിവർ ലഭ്യമാക്കിയ മറുപടി വസ്തുതാപരമല്ലെന്ന് കാണുന്നു.

16. മേൽ സാഹചര്യത്തിൽ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുത്തുപറമ്പ് നഗരസഭയിലെ 13 ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ചുവടെ ചേർക്കും പ്രകാരം തീർപ്പാക്കുന്നു.

a) ചുവടേ ചേർക്കുന്ന ജീവനക്കാർക്കെതിരായ തുടർനടപടികൾ ഒഴിവാക്കി ഉത്തരവാകുന്നു.

ശ്രീ . രാജീവൻ . കെ , ഓഫീസ് അറ്റൻഡന്റ്
ശ്രീ . സുഭാഷ് . ടി . പി ., ഓഫീസ് അറ്റൻഡന്റ്
ശ്രീ . സതീശൻ . വി , ഓഫീസ് അറ്റൻഡന്റ്
ശ്രീ . രജീഷ് . കെ ., ഓഫീസ് അറ്റൻഡന്റ്
ശ്രീ . ജയരാജൻ കൊമ്മേരി , സീനിയർ ക്ലാർക്ക്
ശ്രീ . വിജയൻ , ഹെഡ് ഇൻസ്പെക്ടർ
ശ്രീ . ചന്ദ്രഭാനു , സൂപ്രണ്ട്
ശ്രീ . വൽസരാജൻ , ക്ലാർക്ക്
ശ്രീമതി . ദീപാ ദിവെ , ക്ലാർക്ക്
ശ്രീമതി . കെ . ദേവി , ഹെൽത്ത് ഇൻസ്പെക്ടർ & രജിസ്ട്രാർ ( റിട്ടയേർഡ് )

b) ചുവടേ ചേർക്കുന്ന ജീവനക്കാർക്കെതിരായ അച്ചടക്കനടപടി ടിയാളുകളുടെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

ശ്രീ. രവീന്ദ്രൻ, ക്ലർക്ക്

ശ്രീ. പുരുഷോത്തമൻ, ക്ലർക്ക്

ശ്രീമതി. രമ്യ , ക്ലർക്ക്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എ സ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ . രാജീവൻ . കെ , ഓഫീസ് അറ്റൻഡന്റ് , കുത്തുപറമ്പ് നഗരസഭ

ശ്രീ . സുഭാഷ് . ടി . പി ., ഓഫീസ് അറ്റൻഡന്റ്, കുത്തുപറമ്പ് നഗരസഭ

ശ്രീ . സതീശൻ . വി , ഓഫീസ് അറ്റൻഡന്റ്, കുത്തുപറമ്പ് നഗരസഭ

ശ്രീ . രജീഷ് . കെ ., ഓഫീസ് അറ്റൻഡന്റ്, കുത്തുപറമ്പ് നഗരസഭ

ശ്രീ . ജയരാജൻ കൊമ്മേരി , സീനിയർ ക്ലാർക്ക് ,കുത്തുപറമ്പ് നഗരസഭ

ശ്രീ . വിജയൻ , ഫുഡ് ഇൻസ്പെക്ടർ, കുത്തുപറമ്പ് നഗരസഭ

ശ്രീ . ചന്ദ്രഭാനു , സൂപ്രണ്ട്,കുത്തുപറമ്പ് നഗരസഭ

ശ്രീ . വൽസരാജൻ , ക്ലാർക്ക്, കുത്തുപറമ്പ് നഗരസഭ

ശ്രീമതി . ദീപാ ദിവെ , ക്ലാർക്ക്, കുത്തുപറമ്പ് നഗരസഭ

ശ്രീമതി.കെ.ദേവി, ഹെൽത്ത് ഇൻസ്പെക്ടർ & രജിസ്ട്രാർ(റിട്ടയേർഡ്) കുത്തുപറമ്പ് നഗരസഭ

ശ്രീ. രവീന്ദ്രൻ , ക്ലർക്ക്, കുത്തുപറമ്പ് നഗരസഭ

ശ്രീ. പുരുഷോത്തമൻ , ക്ലർക്ക്, കുത്തുപറമ്പ് നഗരസഭ

ശ്രീമതി . രമ്യ , ക്ലർക്ക്, കുത്തുപറമ്പ് നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ